പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1587 14.12.2012 ൽ മറുപടിയ്ക്ക്

## കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതി 2012 ഖരീഫ് സീസണിൽ ഇടുക്കി, വയനാട്, ജില്ലകളിൽ കരുമുളക് കൃഷിക്കും പാലക്കാട് ജില്ലയിൽ നെൽകൃഷിക്കും, 2012 റാബി സീസണിൽ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം ജില്ലകളിൽ കശുമാവ് കൃഷിക്കും, പാലക്കാട് ജില്ലയിൽ നെൽകൃഷിക്കും ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നു. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം ഖരീഫ് 2012 ൽ കുരുമുളക്, നെല്ല് എന്നീ കൃഷികൾക്കും റാബി 2012 സീസണിൽ കശുമാവ്, നെല്ല് എന്നീ കൃഷികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം ഇക്കഴിഞ്ഞ കാർഷിക സീസണുകളിൽ എത്ര കർഷകർ വിളകൾ ഇൻഷ്വർ ചെയ്തു എന്ന് വ്യക്തമാക്കാമോ; | (സി) പ്രസ്തുത പദ്ധതിപ്രകാരം ഇക്കഴിഞ്ഞ ഖരീഫ് 2012 സീസണിൽ 8243 കർഷകർ ഇൻഷ്വർ ചെയ്തു. റാബി 2012 സീസണിൽ കശുമാവ് കൃഷി ഇൻഷ്വർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 15 ഉം, നെൽകൃഷിക്ക് ഇൻഷ്വർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 31 ഉം ആണ്. പ്രസ്തുത തീയതികൾക്കുശേഷം മാത്രമേ ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) ഇതിൽ എത്ര കർഷകർക്ക് ക്ലെയിം അനുവദിച്ച് നൽകി; വ്യക്തമാക്കുമോ? | (ഡി) 2012 ഖരീഫ് സീസണിൽ 3145 കർഷകർക്ക് 77.46 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി. 2012 റാബി സീസണിൽ കർഷകർക്ക് നഷ്ടപരിഹാര തുക നൽകുന്നതിന് എ.ഐ.സി.ഐ.യിൽ കണക്കുകൾ തീർപ്പാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ